" ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും സർക്കരിലേക്കുള്ള വയ്പയും മുൻകൂറും 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലെ തിരിച്ചടവ് മാറ്റി വയ്ക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (ലോൺസ്) വകുപ്പ്

സ.ഉ.(അ) നം.54/2020/ധന

തിരുവനന്തപുരം, തീയതി 01/05/2020

പരാമർശം:- 1) സ.ഉ.(അ) നം:50/2020/ധന തീയതി 28.04.2020.
2) സ.ഉ.(അ) നം: 53/2020/ധന തീയതി 30.04.2020.

**ഉത്തരവ്**

കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന പ്രത്യേക സാഹചര്യത്തെ കണക്കിലെടുത്തു സൂചന (2) ഉത്തരവിൽ സൂചിപ്പിക്കുന്ന ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും ആറ് ദിവസത്തെ ശമ്പളം വീതം ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ വിതരണം ചെയ്യാതെ മാറ്റിവെയ്ക്കുവാൻ ഉത്തരവായിരുന്നു. ഇങ്ങനെ ശമ്പളം മാറ്റിവയ്ക്കുമ്പോൾ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിന് താഴെപറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

സൂചന (2) ഉത്തരവിൽ പരാമർശിക്കുന്ന ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും ശമ്പളത്തിൽ നിന്നും സർക്കാരിലേയ്ക്കുള്ള വായ്പയുടെയും, മുൻകൂറിന്റെയും മുതലിനത്തിലുള്ളതും പലിശയിനത്തിലുള്ളതുമായ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള (പി.എഫ്.വായ്പ ഉൾപ്പടെ) മാസങ്ങളിലെ തിരിച്ചടവ് മാറ്റി വയ്ക്കുവാൻ ഉത്തരവാകുന്നു. മാറ്റി വയ്ക്കപ്പെട്ട തിരിച്ചടവ് 10 തുല്യ തവണകളായി ടി ഉദ്യോഗസ്ഥരുടെ 2020 സെപ്റ്റംബർ മുതൽ 2021 ജൂൺ വരെയുള്ള മാസങ്ങളിലെ ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ ആനുകൂല്യം ബന്ധപ്പെട്ട ഡി.ഡി.ഒയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന ജീവനക്കാർക്കും അദ്ധ്യാപകർക്കും മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

മൊത്ത ശമ്പളത്തിൽ നിന്ന് ആറ് ദിവസത്തെ ശമ്പളം കുറയ്ക്കുന്നതിനു ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ അത്തരം ഉദ്യോഗസ്ഥരുടെ പ്രോവിഡന്റ് ഫണ്ടിലേക്കുള്ള വിഹിതം അടിസ്ഥാന ശമ്പളത്തിന്റെ ആറു ശതമാനമാക്കി കുറയ്ക്കേണ്ടതാണ്.

ഇതിൽ എന്തെങ്കിലും വീഴ്ച വന്നാൽ ബന്ധപ്പെട്ട ഡി.ഡി.ഒ-യുടെ വ്യക്തിപരമായ ഉത്തരവാദിത്വമായി കണക്കാക്കും. തിരിച്ചടവിന് വീഴ്ച വരുത്തുന്ന ജീവനക്കാരുടെ ശമ്പള ബില്ലുകൾ

ട്രഷറി ഓഫീസർ അംഗീകരിക്കേണ്ടതില്ല എന്നും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1-ലെ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നിത കുമാരി.റ്റി**

ധനകാര്യ അഡീഷണൽ സെക്രട്ടറി

**പകർപ്പ്:-**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്.എ),കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ഇ ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് /ആഫീസ് മേധാവികൾക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ
നിയമസഭാ സ്പീക്കറുടെ പ്രിൻസിപ്പൽ സെക്രട്ടറി
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി.
ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ലോകായുക്ത
ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണ വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ കോപ്പി/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ